# ജിഎച്ച്എസ്എസ്
# രാവണേശ്വരം



# പൂമൊട്ടുകൾ

## ലിറ്റിൽ കൈറ്റസ് ഡിജിറ്റൽ മാഗസിൻ



ജില്ല

:-കാസർഗോഡ്

വിദ്യാഭ്യാസ ജില്ല

:-കാഞ്ഞങ്ങാട്

ഉപജില്ല

:-ബേക്കൽ




## ആശംസകളോടെ....

**പ്രധാന അധ്യാപിക**



സുനിത ദേവി സി കെ

**പി ടി എ പ്രസിഡണ്ട്**



സുനിത പി

**കൈറ്റ് മാസ്റ്റർ**



സതീശൻ പി

**കൈറ്റ് മിസ്ട്രസ്സ്**



ശാലിനി കെ

അഭിഷേക്
അചിന്ത്യ
അംജിത്ത്
ഗൗരിനന്ദ
അഭിനവ്
ശ്രീഹരി
രാഹുൽ
ആനന്ദവിഷ്ണു
അജയ്
പ്രദ്യുമ്നൻ
ഹരികൃഷ്ണൻ
തൃഷ
ശ്രീനന്ദ
ലാവണ്യ
നന്ദകിഷോർ
വൈഗ
ശിവദത്ത്
കാർത്തിക്
അജയ്
ദേവിക
വിവേക്
ശ്രീഹരി
ഹരിചന്ദ്
നന്ദന
ലയന

# ആമുഖം

ഇത് ഇ- വായനയുടെ കാലമാണ്. പുസ്തക വായന
മാത്രമായിരുന്ന നാളുകൾ അസ്തമിച്ചു കഴിഞ്ഞു.
എഴുത്തിന്റെയും വായനയുടെയും
നവലോകം അനന്തസാധ്യത തുറക്കുന്നു.
കുട്ടികളുടെ എഴുത്തിനിരുത്ത് തന്നെ
ക്ലിക്കുകളാകാൻ തുടങ്ങി.
കടലാസ്,പേന, പകർത്തി എഴുതൽ,
വാരികയ്ക്ക് അയക്കാൽ, പത്രാധിപരുടെ ഇഷ്ടാനിഷ്ടങ്ങൾ
തുടങ്ങിയ പലതും സൈബർ ലോകം തള്ളി
കളഞ്ഞിരിക്കുന്നു.എഴുത്തിന്റെയും
ആവിഷ്ക്കാരത്തിന്റെയും രംഗത്ത്
സ്വതന്ത്ര്യത്തിന്റെ വിജയപാതക
ഉയർന്ന് നിൽക്കുന്നു.

ജി.എച്ച്.എസ്സ്.എസ്സ് രാവണേശ്വരത്തിലെ ലിറ്റിൽ
കൈറ്റിസിന്റെ നേതൃത്വത്തിൽ കുട്ടികളുടെ സർഗാത്മക
ശേഷിയെ ഭാവനാ പൂർണ്ണമാക്കാൻ ഈ ഡിജിറ്റൽ മാഗസിൻ
തുടക്കംക്കുറിക്കുന്നു.
കുട്ടികൾ എഴുതട്ടെ പുതിയ രീതികൾ കണ്ടെത്തട്ടെ...............
നെല്ലും പതിരും പിന്നിട് തെരയാം..........

# ഏടുകളിലൂടെ

-> രാവണീശ്വരത്തിന്റെ മണ്ണിലൂടെ.....
-> ചരിത്രം വർത്തമാനം........
-> മറക്കുന്ന പൂക്കളോട്......
-> കാണാകാഴ്ചകൾ...........
-> മാക്കം എന്ന പെൺതെയ്യം........
-> മഴ നനഞ്ഞ സെൽഫോൺ നിലവിളികൾ........
-> EDUCATION:A BOON AND A QUALITY........
-> തളിർ സ്പർശം........
-> പ്രകൃതിയിലേക്ക്..........
-> കുട്ടനാട് കണിർത്തടി..........
-> SOUND OF THE FOREST.........
-> ആത്മാവിന്റെ നൊമ്പരം......
-> ഇതൾ........
-> ഓർമ്മയെ കൊല്ലുന്നവിധം........
-> എന്ത് ,എന്തിന്,ആർക്ക്, ആർക്കുവേണ്ടി?........

# രാവണീശ്വരത്തിന്റെ മണ്ണിലൂടെ.....

ജനിച്ചു വളർന്ന നാടിന്റെ ചരിത്ര
മറിയുക എന്നത് ജിജ്ഞാസഭരിതമാണ് .
അതുകൊണ്ട്  രാവണീശ്വരത്തിന്റെ
ചരിത്രമറിയാൻ വേണ്ടി മണ്ണിലേക്കിറങ്ങിച്ചന്നു.
രാവണന്റെ മകൻ രവണി, തപസിരുന്ന
സ്ഥലമാണ് "രാവണീശ്വര”മെന്നും
രക്ഷസരാജാവായ രാവണൻ ഈശ്വരനെ
പ്രീതിപ്പെടുത്തിയസ്ഥലമാണ്
"രാവണേശ്വര”മെന്നും പറയുന്നു . ഏതായാലും
ഇപ്പോൾ രണ്ടുപേരുകളും പ്രചാരത്തിലുണ്ട് .
എല്ലാതരത്തിലുള്ള മതവിഭാഗങ്ങളെയും
ഉൾക്കൊള്ളുന്ന മതസൗഹാർദപരമായ ഭൂമിയാണ്
രാവണീശ്വരത്തിന്റേത്. പ്രധാനമായും മൂന്ന്
കൃഷിരീതികളാണ് രാവണേശ്വരത്തിനുള്ളത് .
വിരിപ്പ് ,പുഞ്ച,കൊളക്ക എന്നിവയാണവ .
രാവണീശ്വത്ത് ഒരുപാട് സാംസ്കാരിക
ക്ലബ്ബുകളുണ്ട് . ശോഭന ആട്സ് &സ്പോട്സ് ക്ലബ്ബ് ,
ചങ്ങമ്പുഴ കലാകായികവേദി എന്നിവ അതിൽ
ചിലതാണ്. രാവണേശ്വരത്ത്
ജന്മിത്വത്തിനെതിരെ നടന്ന ഐതികാസിക
സമരമാണ് നെല്ലെടുപ്പ് സമരം .

# ചരിത്രം വർത്തമാനം

ഒരു നാടിന് മുഴുവൻ അക്ഷര വെളിച്ചം നൽകികൊണ്ടിരിക്കുന്ന ജി.എച്ച്.എസ്സ് എസ്സ് രാവണീശ്വരം 1928ലാണ് നിലവിൽ വന്നത്. രാവണീശ്വരം മാക്കിയിൽ തളാപ്പ് കൃഷ്ണൻ നായരുടെ നേതൃത്വത്തിൽ



നാട്ടുകാരാണ് ഒരു പ്രൈമറി സ്കൂൾ എന്ന സ്വപ്നം യാഥാർത്ഥ്യമാക്കിയത്. പീന്നിട് 1957ൽ ഒരു ഏകാധ്യാപക വിദ്യാലമായി മാക്കിയിൽ പ്രവർത്തനമാരംഭിച്ചു. നാട്ടുകാരുടെയും രാഷ്ട്രീയ സാമൂഹ്യ പ്രസ്ഥാനങ്ങളുടെയും നിരന്തര പരിശ്രമത്തിന്റെ ഫലമായി 1967ൽ ഈ വിദ്യാലയും യു പി സ്കൂൾ ആയി.

1980 ൽ ഹൈസ്കൂളായും 2006 ൽ ഹയർസെക്കന്ററിയായും ഉയർത്തപ്പെട്ടു നിലവിൽ ഹൈസ്കൂൾ വിഭാഗത്തിൽ മലയാളം,ഇഗ്ലീഷ് എന്നീ മാധ്യമത്തിൽ പ്രീ-പ്രൈമറി മുതൽ പത്തു വരെ ക്ലാസ്സുകളും, ഹയർ സെക്കന്ററി വിഭാഗത്തിൽ സയൻസ്, ഹ്യുമാനിറ്റീസ്സ്,കോമേഴ്സ് എന്നീ മൂന്ന് ഗ്രൂപ്പുകളിലും പഠനം നടന്നുവരുന്നു.തികച്ചും ഗ്രാമീണ അന്തരീക്ഷത്തിൽ നിന്നും വരുന്ന കുട്ടികളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും കൂട്ടായ പരിശ്രമഫലമായി പൊതുപരീക്ഷകളിൽ ഉന്നതവിജയം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

പഠനത്തോടൊപ്പം കലാ കായിക പാഠ്യേതര പ്രവർത്തനങ്ങളിലും നല്ല നിലയിലുള്ള പരിശീലനവും പ്രോത്സാഹനവും കുട്ടികൾക്ക് നൽകി വരുന്നു.വ്യക്തിത്വ വികസനത്തിലൂന്നി വിവിധതരം ക്ലബ്ബുകൾ,എൻ.എസ്സ്.എസ്സ്,ജെ.ആർ.സി,സോഷ്യൽ സർവീസ് സ്കീം.പെൺകുട്ടികളുടെ സ്വരക്ഷക്കായി തെയ്ക്കോണ്ടോ,കരാട്ടെ പോലുള്ള യൂണിറ്റുകളും ഈ വിദ്യാലയത്തിൽ പ്രവർത്തിച്ചു വരുന്നു.ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥികൾ സമൂഹത്തിന്റെ നാനാ തുറകളിൽ ഉന്നത നിലയിലെത്തുകയും സമൂഹത്തിനും നാടിനും വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു.ഇവർ വിദ്യാലയ വികസന കാര്യങ്ങളിൽ തൽപരരുമാണ്.ഈ നാടിന്റെ യശസ്സ് ഉയർത്തിപ്പോരുന്ന ഈ സർക്കാർ വിദ്യാലയത്തെ കൂടുതൽ പരിപോഷിപ്പിക്കുന്നതിനും ശിശു സൗഹൃദമാക്കുന്നതിനും മികവിന്റെ കേന്ദ്രമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങളിൽ അധ്യാപകരുടെയും അനധ്യാപകരുടെയും നാട്ടുകാരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ്മ അങ്ങേയറ്റം സ്തുത്യർഹമാണ്.

# മറക്കുന്ന പൂക്കളോട്



മറക്കുന്ന പൂക്കളാൽ മാറുന്ന
ലോകമേ
മറവിയിൽ തീരുന്നതാണ നിൻെറ
ജീവൻ
പോകുന്ന ലോകവും,പോകുന്ന മനുഷ്യരും
മറക്കുകയാണ് ഓർമ്മതൻ നിന്നുടെ പൂക്കളാലെ.

ഇനിവരും ലോകവും മറക്കുകയാണ് നിന്നെ
പക്ഷെ പ്രകൃതിതൻ  അലിഞ്ഞുചേരുന്ന
നിൻെറ ജഡം മറക്കുകയില്ല ഭൂമിതൻ മാതാവ്.

ഭൂമിതൻ മാതാവ് നിന്നെ മറച്ചാലും
നിന്നുടെ ഓർമ്മകൾ നിമിഷത്തിനുമേൽ
ആകാലം നിന്നെ മറക്കില്ലൊരിക്കലും
കാരണം നിന്നുടെ ജന്മത്തിന് കാരണമുണ്ട്.
നിന്നുടെ ഓർമ്മകൾ നിൻെറ രക്തത്തിലൂടെ
മറ്റൊരു മനുഷ്യരിൽ ഒഴുകുകയാണ്.



എത്ര പേർ എത്ര പേർ മരിച്ചുവീഴുന്ന
മണ്ണിലാണ് ഇനിയും മരിക്കാൻ കിടക്കുന്ന
മനുഷ്യർ കർമ്മത്തിനുമേൽ വിലക്കൽപ്പി-
ക്കാത്തവർ പോകുന്നതും മണ്ണിലേക്കല്ലേ?

– ആര്യഅജിത്ത്

# കാണാകാഴ്ചകൾ

പുറത്ത് നിന്ന് ഒരു ശബ്ദം...........
അയാൾ ഞെട്ടിയെഴുന്നേറ്റു. ചുറ്റും നോക്കി നിശബ്ദത......
പുറത്ത് അമ്പിളിയമ്മാവന്റെ വെണ്ണപോലെയുള്ള നിലാവ്.

വീണ്ടും ഒരു ശബ്ദം........എന്താണ് സംഭവിക്കുന്നത്. അയാൾ ചിന്തിച്ചു .കുറച്ചു ദിവസം മുൻപുള്ള കാര്യം അയാൾ ഓർത്തു അന്ന് അയാൾ പതിവുപോലെ ഓഫീസിൽ പോയി. അവിടെ നിന്ന് ഒരാൾ പറഞ്ഞു 'ഒരു സ്ഥലം അളക്കാനുണ്ട്'
അയാൾകൂടെ പോയി. അതു ഒരു നിഗൂഢമായ സ്ഥലമായിരുന്നു. ചുറ്റും ഒരു വീടോ,വഴിയോ ഇല്ല. കുറെ ആളുകൾ ഉണ്ട്. പക്ഷെ ആരും ഒന്നും സംസാരിക്കുന്നില്ല.ഭയപ്പെടുത്തുന്ന അന്തരീക്ഷം.......ആ ഏകാന്തതയ്ക്ക് ഒരു അവസാനം ഇല്ല. എന്ന് തോന്നി. അയാൾ ഉച്ചത്തിൽ സംസാരിച്ചു. 'ഇതിൽ ഏതാണ് നിങ്ങളുടെസ്ഥലം ?' ചുറ്റുമുള്ളവർ അമ്പരന്നുപോയി. എല്ലാവരുംഅയാളെ സൂക്ഷിച്ചുനോക്കി.കാരണം എന്ത്?.....ഒരാൾ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. ഒരുപാട് വർഷംമുമ്പ് ഇവിടെ വലിയ ഒരു കൊട്ടാരം ഉണ്ടായിരുന്നു.ഒരുപാട് ആളുകൾ കുറെ പശുക്കളും കാളകളും.. അങ്ങനെ ഒരു സമൃതിയുടെ കാലം.... പക്ഷെ...ഇന്ന് എന്ത് സംഭവിച്ചു?
ആ വീട്ടിൽ ഒരു കുട്ടിയുണ്ടായിരുന്നു. നീലക്കണ്ണും വെണ്ണപോലുള്ള ശരീരവും ആര് കണ്ടാലും ഒന്ന് നോക്കിപോകും .

ഒരു ദിവസം അവളുടെയച്ഛൻ വണ്ടിയിടിച്ച് മരിച്ചു എന്ന വാർത്ത കേട്ട് അവളുടെ മുഖത്ത് ഭയപ്പെടുത്തുന്ന ഒരു ചിരി ഉണ്ടായിരുന്നു . ഇത് കേട്ട് ഞെട്ടി... അയാൾ ചോദിച്ചു "എന്തിന്" ?
മനസ്സിൽ ഇത്തിരി എങ്കിലും കരുണയുണ്ടോ....ആ ദുഷ്ടയ്ക്ക് ? ...നിർത്ത് ! ആ വാക്ക് അന്തരീക്ഷത്തിൽ മുഴങ്ങി... എന്തിനാണ് ഒരു മകൾ അച്ഛന്റെ മരണവാർത്ത കേട്ടപ്പോൾ ചിരിക്കുന്നത്? മകളുടെ ശരീരത്തെ ഒരു മാംസത്തിന്റെ വില കൽപ്പിക്കുന്ന ആ അച്ഛൻ മരിച്ചു എന്നറിയുമ്പോൾ പിന്നെ എന്താണ് ചെയ്യേണ്ടത് ? ഈ കാര്യം അറിയാൻ



ഞങ്ങൾ ഗ്രാമവാസികൾ വൈകിപ്പോയി അതാണ് ഇപ്പോൾ അനുഭവിക്കുന്നത്.എനിക്ക് എല്ലാം അറിയാമായിരുന്നു.ആരും എന്നെ വിശ്വസിച്ചില്ല.എല്ലാവരുടെയും മുമ്പിലും സന്തോഷിക്കുന്ന അവളുടെ മനസ്സ് നീറുകയായിരുന്നു. അച്ഛനും അമ്മയും ചേട്ടനുമുള്ള ഒരുകുടുംബമായിരുന്നു അത് .
അമ്മ പ്രസവത്തിലൂടെ മരിച്ചു എന്ന് അവളെ പറഞ്ഞ് വിശ്വസിപ്പിച്ചു. അച്ഛനും ചേട്ടനും അവളെ പൊന്നു പോലെയാണ് നോക്കിന്നത് എന്ന് വരുത്തി തീർത്തു.

ഒരു ദിവസം ആ സത്യം അവൾ അറിഞ്ഞു. തന്നെ നോക്കിയത് ഒരു മകളായിട്ടല്ല മറിച്ചായിരുന്നു.........

ആ അച്ഛൻ മരിച്ചത് തെറ്റില്ല എന്ന് കരുതിയാവണം അവൾ ചിരിച്ചത് .ഇതൊന്നും അറിയാത്ത നാട്ടുകാർ അവളെ................
എന്ന് പറഞ്ഞു അദ്ദേഹം പോയി. "എന്താവും സംഭവിച്ചത്"?
ഇത് ആലോചിച്ച് ,അയാൾ ഉറങ്ങാൻ കിടന്നു.

രാവിലെ 5 മണിക്ക് എഴുന്നേറ്റു.....ഇത്തിരി നിലാവ്.........
ഇളം തണുപ്പ്. മനസ്സിൽ ഒരു ഭയം.ഓഫീസിൽ പോയി. ദിവസങ്ങൾ ആഴ്ചകളായി......പിന്നെ മാസങ്ങളായി....അങ്ങനെ തിരച്ചിലിനൊടുവിൽ ആ കഥയുടെ ബാക്കിഅറിഞ്ഞു. ഭയന്നു വിറച്ച് അയാൾ വീട്ടിലേക്ക് പോയി. ഈ വീട്ടലല്ലെ........ അവളെ.......ആലോചിക്കാൻ വയ്യ........
സമൂഹം നമ്മൾ ചെയ്യുന്ന കാര്യത്തെ മറിച്ചാണല്ലോ ചിന്തിക്കുന്നത്

' അവൾ എന്ത് തെറ്റാണ് ചെയ്തത്'

- തൃഷ

# ആസ്വാദനക്കുറിപ്പ്

## മാക്കം എന്ന പെൺതെയ്യം

അംബികാസുധൻ മാങ്ങാട് എഴുതിയ "മാക്കം എന്ന പെണ്ണതെയ്യം"എന്ന നോവൽ ഞാൻ വായിച്ചു. അദ്ദേഹത്തിന് മൂന്ന് നോവൽ ആണ് ഉള്ളത്.മാക്കം എന്ന പെണ്ണതെയ്യം, മരക്കാപ്പിലെ തെയ്യങ്ങൾ,എൻമകജെ.
ഇദ്ദേഹത്തിന് സാമൂഹികജീവിതത്തിന്റേയും കുടുംബജീവിതത്തിന്റെയും ദുരന്ത ഭൂമികയിൽ നിന്ന് തെയ്യമായി ഉയിർക്കുന്ന മനുഷ്യരുടെ കഥകളാൾ നിറഞ്ഞ സാംസ്കാരിക ജീവിതമാണ് ഉത്തര കേരളത്തിൽനിന്നുള്ളത്.
അവിടെ നിന്നും ഉയിർക്കൊണ്ട
ഒരു പെൺ തെയ്യം -'കടാങ്കോട് മാക്കം'.
പുരുഷാധികാരത്തിന്റെയും കുടുംബാധികാരത്തിന്റെയും കാർക്കാശ്യത്താൽ ദാരുണമായി കൊലപചെയ്യപ്പെടുന്ന മാക്കത്തിന്റെ ജീവിത കഥ പറയുകയാണ് ഈ നോവൽ.ഉത്തരകേരളത്തിന്റെ ഭാഷാസവിശേഷതകളും ആചാരാനുഷ്ഠാനങ്ങളും ജീവിതപരിസരങ്ങളും സൂക്ഷ്മമായി വിന്യസിക്കപ്പെടുന്ന നോവലാണ് ഇത്.
ഈ നോവൽ എനിക്ക് വളരെ ഇഷ്ടമായി.

“ശ്രീ പൊലിക പൊലികാ,ഭഗവതയേ പൊലികാ ദീപം
പൊലികാ,ഭഗവതിയെ പൊലികാ,
വെഞ്ചെരിയുന്ന നന്താർ വിളക്കും പൊലികാ
ഇട്ടാരാധിച്ച പൂവോട് പുഷ്പം പൊലികാ
നാട് പൊലികാ ഭഗവതിയേ സ്വരൂപം പൊലികാ
നാടോടി വാഴും ജന്മഭൂമിയും പൊലികാ... ”
(മാക്കതെയ്യത്തിന്റെ തോറ്റാരംഭത്തിലെ വരികൾ)

- തേജിമ

# മഴ നനഞ്ഞ സെൽഫോൺ നിലവിളികൾ

ഉള്ളു ചുട്ടു നീറിയവന്റെ അലറിക്കരച്ചിൽ പോലെ നഗര ഹൃദയത്തെ കീറിമുറിച്ചുകൊണ്ട് നീണ്ടനിലവിളിയോടെ ആംബുലൻസ് തെക്കോട്ട് പാഞ്ഞു . വിറങ്ങലിപ്പ് നിറഞ്ഞ അതിന്റെ ഉള്ളകത്തിൽ വെള്ളപുതച്ച് കിടക്കുന്ന ഏക മകന്റെ കാവലാളായി അലീമ അനക്കമറ്റിരുന്നു .........

ഉള്ളിൽ നിഗൂഢതകൾ ഒളിപ്പിച്ച് വെച്ച് ,ചുണ്ടിൽ ചുവപ്പ് തേച്ച്, നഗരം അതിന്റെ പതിവ് കെട്ടുകാഴച്ചകൾ കൊണ്ട് മായകാട്ടിത്തുടങ്ങി

അലീമ -16 കൊല്ലത്തെ തന്റ നിയ്യത്തും നോമ്പും വേവും നോവും കിനവുമായിരുന്നു മകന്റെ ചേതനയേറ്റ ശരീരത്തിൽ ഒരിക്കൽ കൂടി നോക്കാൻ കലിപ്പില്ലാതെ കണ്ണുകളെ പുറം കാഴ്ചയിലേക്ക് പിഴുതെടുത്തു
ഒന്നരവയസ്സ് തികയാത്ത മോനെയുത്തന്നെയും നട്ടവെയിലത്ത് തനിച്ചാക്കി മൂന്ന് തലാഖും ചൊല്ലി കെട്ടിയവൻ പിരിഞ്ഞപ്പോഴും പകച്ച് നിക്കാൻ തോന്നിയില്ല...
ഇനിയൊരു നിക്കാഹിന് ഞാനില്ലാന്നും പറഞ്ഞത് ഇത്തിരിപ്പോന്ന മോനേം കൂട്ടി വാടകവീട്ടിലേക്ക് താമസം മാറുമ്പോഴും
മനസ്സിന് ഉറപ്പുണ്ടായിരുന്ന. തനിക്ക് തന്റെ മോനും അവന് ഉമ്മായും മാത്രം മതി.പല വീടുകളിലും പാത്രം വടിക്കാനും നിലം തുടക്കാനും
പോയി...മോനെ പഠിപ്പിക്കണം ഒത്ത ഒരുത്തനാക്കണം അള്ളാനോട് പ്രാർത്ഥിക്കാൻ ഇത്ര ഉണ്ടായിരുന്നുള്ളു.
തന്നോട് ചേർന്ന് പിച്ചവെച്ച് വളർന്ന മകൻ ഉമ്മാന്റെ കൈകൾ തട്ടിമാറ്റി ഒറ്റയക്ക് നടക്കാൻ തുടങ്ങിയ നാളുകളുൾ – അലീമ നടുക്കത്തോടെ ഓർത്തെടുക്കാൻ ശ്രമിച്ചു.
ടൗണിലെ സ്കൂളിൽ പോവാൻ തുടങ്ങിയപ്പോൾ മുതൽ അവന് രഹസ്യങ്ങളുടെ ലോകത്തേക്ക് സഞ്ചരിക്കുകയാരുന്നു.
പതിവ് തെറ്റിയുള്ള വരവുകൾ തിടുക്കപ്പെട്ടുള്ളപോക്കും തന്റെ ചോദ്യങ്ങൾക്ക് ഒറ്റ ഉത്തരം മാത്രം ഹൈവേരട്ത്ത് റഫീക്കിച്ചാന്റെ പീട്യേണ്ട് ആട ഹെൽപ്പാക്കാൻ നിക്കാത്തത്.
' റഫീക്കിച്ച 'പണമായും സമ്മാനപ്പൊതികളായും മൊബൈലായും ഒടുവിൽ ചീറിപ്പായുന്ന ബൈക്കായും കിനാവള്ളി പോലെ പടർന്നപ്പോൾ ഉമ്മയുടെ നീറ്റലുകൾക്ക് അവന്റെ ലോകത്ത് സ്ഥാനമില്ലാതായത് എത്ര പെട്ടന്നായിരുന്നു. ഒരു വൈകുന്നേരം യാത്ര പോലും പറയാതെ ചെകിടടപ്പിക്കുന്ന ശബ്ദത്തോടെ ബൈക്കിൽ കയറി കണ്ണിൽ നിന്ന് മറഞ്ഞ മകനെ താൻ അവസാനമായി കാണുകയാണെന്ന് അറിഞ്ഞില്ല....

രാത്രി വൈകുംവരെ കാത്ത്നിന്നിട്ടും വരാത്ത മകന് വേണ്ടി ഉറക്കമിളക്കുന്നത് നാളുകളായി പതിവായിരുന്നു.....
എന്നാൽ പുലർകാലത്ത് വാതിൽ മുട്ടിയത് മകന് പകരം പോലീസ്കാരായിരുന്നു..
" മംഗലാപുരത്ത് നിന്ന് പോലീസിനെ വെട്ടിച്ച് വരുമ്പോൾ ഒരാക്സിഡണ്ടുണ്ടായി " വെൻലോക്കിൽ അഡ്മിറ്റാണ്
ആശുപത്രിയിലേക്ക് ഓടുമ്പോൾ അവന് ഒന്നും പറ്റിയില്ല
എന്ന പ്രതീക്ഷയായിരുന്നു.....
അലീമയുടെ ഓർമ്മകൾക്ക് മീതെ കാലം തെറ്റിപ്പെയ്ത ഒരു പെരുമഴമങ്ങിയ ചാലുകൾ തീർത്തു........
നഗരാതീർത്തി പിന്നിട്ട് ആംബുലൻസ് പള്ളിമൈതാനത്ത് നിലവിളികൾ അവസാനിപ്പിച്ചപ്പോൾ അലീമ പെരുമഴയത്തേക്ക് കാലുകൾ പറിച്ചു നട്ടു. അവളുടെ കൈയ്യിൽ പോലീസുകാർ ഏല്പ്പിച്ച മനോഹരമായ ചിത്രങ്ങൾ പതിപ്പിച്ച ഫോണിൽ
നിന്ന് അപ്പോഴും ബെല്ലുകൾ മുഴങ്ങിയിരുന്നു................

- രാധ ടീച്ചർ





# തളിർ സ്പർശം

ഒരു തളിർക്കാറ്റായി
സുഗന്ധം വിടർത്തിയെൻ മുന്നിൽ
വാർമഴവില്ലിൻ ഏഴു
വർണ്ണത്തിൻ ശോഭച്ചൊരിഞ്ഞെൻ മുന്നിൽ
ആത്മധൈര്യത്തിൻ പരമോന്നതിയിൽ
അറിവായ്,വെളിച്ചമായി
ചങ്ങാതിയായെൻ അമ്മ
എൻ ഉയിരിൻ അഭിമാനമാണെന്നമ്മ

തണലെകി ,സന്തോഷമേകി
നീ എൻ അണിയത്തുതന്നെ നിന്നപ്പോൾ
ദാരിദ്രമാകുന്ന പേടിസ്വപ്നം എന്തെന്ന്  ഞാൻ
അറിഞ്ഞില്ല എൻ അമ്മേ
എൻെ സമ്പത്തും , ഐശ്വര്യവും എല്ലാം
നിയാണ് അമ്മേ

ജിവിതമാകുന്ന ദുരവസ്ഥയില്ലൂടെ
കടന്നുപോയപ്പോൾ ,
അമ്മ ഞങ്ങളെ ചേർത്തുപിടിച്ചു
ആ സ്നേഹത്തെക്കാൾ ഉപരി
എന്താണ് ഈ ലോകത്തിൽ ഉള്ളത്.

എൻെ ജീവനും ,സന്തോഷവും ,ആത്മാവും
എല്ലാം നീയാണമ്മേ
എല്ലാവരും നിന്നെ കൈയൊഴിഞ്ഞപ്പോൾ
ഒരു ഫിനിക്സ് പക്ഷിയെ പോലെ നീ പറന്ന് ഉയർന്നു
നിൻെറ ഓരോ ചുംബനവും എന്നിൽ ഏറ്റപ്പോൾ
അമ്മയെന്തെന്നും മാതൃസ്നേഹം എന്തെന്നും
ഞാൻ അറിഞ്ഞു അമ്മേ
നീ എന്നെ ജീവിതമാകുന്ന പാഠം എന്തെന്ന് പഠിപ്പിച്ചു .

മാനവികതയുടെ കരുത്താണ്
അമ്മേ നീ
പങ്കജം പോൽ തിളങ്ങിടും
അമ്മ തൻ സ്നേഹം
കാലചക്രത്തിൻ അപാരതയാൽ
മാഞ്ഞിടാ നിൻ സ്നേഹം
നിൻ കരസ്പർശത്തിൽ പരിലാളനത്തിൽ
ഞാൻ ധന്യയത്രേ

പ്രതിസന്ധികളിൽ തളരാതെ
നീ എന്നെ സംരക്ഷിച്ചു
അമ്മ തൻ സ്നേഹത്തിൻ
ഉപരി മറ്റൊന്നുമില്ല
നീയാണ് അമ്മേ
എനിക്ക് എല്ലാം

ഭവ്യ

## ഇതൾ

മകരമാസക്കുളിരുരാവിൽ പെട്ടന്നവൾ ഞെട്ടിയെഴുന്നേറ്റു.ചുറ്റും നോക്കി മുഴുവൻ നിശ്ശബ്ദത.ഏതോ നിഴൽ വന്ന് നീങ്ങിമറയും പോലെ...പെട്ടന്നൊരു ശബ്ദം അവൾ തിരിഞ്ഞുനോക്കി,അതൊരു സ്വപ്നമോ! പണ്ട് തള്ളിപ്പറഞ്ഞവർ കയ്യടിച്ചണയുന്നു.തടഞ്ഞുനിന്നവർ കൂടെയണയുന്നു.വെറുപ്പിൻ മഹാഗോപുരങ്ങൾ സ്നേഹത്താലലിയുന്നു.



എന്റെ പേരിതൾ!അവളുടേയും ഇതളായിരുന്നു.നാം പരസ്പരം കളിക്കൂട്ടുക അവൾധനികനായ വ്യവസായിയുടെ മകളായിരുന്നു.ഞാനോ പാടത്തു പണിചെയ്ത് ചെറിയ ചിലവിൽ കുടുംബം പോറ്റുന്ന കിട്ടുവിന്റെ മകൾ . അവൾ വെളുത്തിട്ടായിരുന്നു.ഞാനോ കറുത്തിട്ടും.ഒഴിവു സമയങ്ങളിൽ അവൾ സംസ്യ സംസ്കൃതപാഠം പഠിച്ചു.എന്നെയച്ഛൻ പാടത്തയച്ചു. കൊടുംകാറ്റാകുന്ന ദീനം ഞങ്ങളെ തളർത്തി. അവൾ തളർന്നു,നാലുചുമരുകളാൽ തളയ്ക്കപ്പെട്ടു.ഞാൻ വിട്ടുകെടുത്തില്ല.കാലത്തെയും അതിജീവിക്കാൻ എന്റെ തളർച്ചയെനിക്കു ശക്തി നൽകി.വെറുപ്പിന്റെ മഹാഗോപുരത്തെ മൗനമാകുന്ന കത്തികൊണ്ട് തകർത്തടിച്ച് ഇതളായി മാറി ഞാൻ മുന്നോട്ട് നീങ്ങി.പിന്നീടവൾ കറുത്തു ഞാൻ വെളുത്തു.


വിജയമാകുന്ന കുട എന്റെയടുക്കൽ വരാതിരുന്നില്ല.എന്നെയും അത് കുടപോലെ തണലേകി. ഇതൾ പോലെ കാലത്തെ തഴുകി. എന്റെ ലോകത്ത് ഏകയായ് ഈ പാരിനഴകായ് ഞാൻ..........! “എന്നെന്നും.”

- ഗൗരിനന്ദ

പുസ്തകാസ്വാദനം

# കുട്ടനാട് കണിർത്തടി

കുട്ടനാട് എന്ന് കേൾക്കുമ്പോൾ തന്നെ പ്രകൃതിയെയാണ്



ഓർമവരുന്നത്. കുട്ടനാട് എന്ന പുസ്തകമാണ് ഞാൻ വായിച്ചത്. ഇത് രവിവർമ തമ്പുരാനാണ് എഴുതിയത്ഈ കഥയിൽ പറയുന്നത് കുട്ടനാട് കണ്ണിർ-ത്തടത്തിനെക്കുറിച്ചാണ്. കേരളത്തിന്റെ നെല്ലറയായ കുട്ടനാട് ഇന്ന് അതീവ ഗുരുതരമായ പരിസ്ഥിതി പ്രതിസന്ധിയെ നേരിടുകയാണ്. മധ്യതിരുവിതാം കൂറിന്റെ ഭൂഘടന മാറ്റിമറികാവുന്ന കുടമരണങ്ങൾക്കു കാരണമാകാവുന്ന പരിസ്ഥിതി അട്ടിമറികളാണ് അവിടെ നടക്കുന്നത്. പന്ത്രണ്ടുവർഷത്തോളം കുട്ടനാടിനെ അടുത്തുനിരീക്ഷിച്ച ഒരു പത്ര പ്രവർത്തകന്റെ ആശങ്കകളും ആകുലതകളും പങ്കുവെയ്ക്കുകയാണ് ഈ ഗ്രന്ഥത്തിൽ. ഒപ്പം കുട്ടനാടിന്റെ ചരിത്രം,സംസ്കാരം,സാഹിത്യം,കൃഷി,ടൂറിസം എന്നിവയെപ്പറ്റിയ. കഥകൃത്തിനെ കുറച്ചുപ്പറയാനുള്ളത് 1996-ലെ കെ.സി സെബാസ്റ്റ്യൻ അവാർഡു നേടിയ ശ്രീ രവിവർമ്മ തമ്പുരാനാണ് ഈ കൃതി രചിച്ചിട്ടുള്ളത് 'പ്രളയം പെരുകുന്ന കുട്ടനാട് ' എന്ന ലേഖനപരമ്പരയുടെ പരിഷ്ക്കരിച്ച രൂപമാണ് ഈ ഗ്രന്ഥം

- വൈഗ

# *SOUND OF THE FOREST*



# ആത്മാവിന്റെ നൊമ്പരം



മാറുന്ന ലോകവും
മാറുന്ന കാലവും
വികസനം വികസനം എന്ന പേരിൽ
മാറുന്ന നാം കളിപ്പാവകളെന്നപോൽ
വീട്ടിന്നകത്ത് തടവിലായി
വന്നു പുതുമയെല്ലാറ്റിലുമേതിലു
ചിരിയിലുമുൾപ്പെടെയെല്ലാത്തിലും

സംഭാഷണങ്ങൾ വേണ്ടെന
ചൊല്ലി, ചാറ്റിങ്ങിലാണവർ
നാലു പേരും.....
ഒരുമയെന്തെന്നില്ല
ദേഷ്യമെന്തെന്നില്ല എല്ലാം
ഇമോജികളാണെപ്പോഴും

എല്ലാമറിയാം ഇമോജികൾക്ക് പക്ഷെ
ഒരുകാര്യം ചെയ്യാൻ കഴിവില്ലാതാനും
അറിയാമോ നിങ്ങൾക്ക് പാരിലെ
മണ്ണിന്റെ ചൂടും വിയർപ്പും സഹിച്ച കാലം

കഠിനമായുള്ള കാലമാണെങ്കിലും
തേനൂറു മധുവായ പഴമക്കാലം
ആർത്തുല്ലസിച്ചൊരാ നാളുകൾ
പോകവേ ഓർത്തുപോകുന്നുവോ
നല്ല കാലം!

– ഗൗരിനന്ദ കെ

# ഓർമ്മയെ കൊല്ലുന്നവിധം

ഈ കഥ മുളയ്ക്കുന്നത് ഒരു ജില്ലാശുപത്രിക്കിളളിൽ വച്ചാണ്.അയാൾ തന്റെ ജീവിതത്തിലെ ഏറ്റവും മികച്ച സമ്മാനം കയ്യിലേക്ക് വാങ്ങാൻ ലേബർ റൂമിനരിക്കത്തു കാത്തു നിൽക്കുന്നു. കൂട്ടത്തൽ വൈകിയില്ല ഒരു കുട്ടിക്കരചിൽ. അയാൾ ഉറക്കച്ചടത്തോടെ ഞെട്ടി എഴുന്നേറ്റു. ആദ്യം അയാൾ കാണുന്നത് ഒരു മാലഖയെയാണ് അവളുടെ കയ്യിൽ തനിക്കായുള്ള വളരെ വിലപ്പിടിപ്പുള്ള സമ്മാനം. അയാൾ ആ സമ്മാനം തന്റെ  തഴമ്പേറിയ കൈകളാൽ ആ ചോരക്കിഞ്ഞിനെ ഭദ്രമായി ഏറ്റു വാങ്ങി. ആ മാലാഖ എന്തൊക്കേയോ പറയുന്നു. ഞാൻ അത് ചെവിയോർത്തില്ല. തനിക്കറിയാമായിരുന്നു അതൊരു പെൺകുഞ്ഞാണെന്നു. അയാൾ അവളെ പേര് ചെല്ലി വിളിച്ചു . അമ്മുട്ടീ...... പിന്നീട് അയാൾ അയാൾക്ക് പ്രിയപ്പെട്ട വേറെ ആരെയോ തിരയിക്കുന്നുണ്ട്. അത് അയാളുടെ ഭാര്യയെ ആയിരിന്നു .അയാൾ പിന്നെ ചോദിച്ചു കല്ല്യാണിക്ക് കുഴപ്പമൊന്നും ഇല്ലല്ലോ? അല്ലെ?. അവൾ ഒന്നും മിണ്ടിയില്ല ആ മൗനത്തിൽ നിന്നു തന്നെ അയാൾ ഊഹിച്ചു .



അവൾക്കിനി ഞങ്ങളെ കാണണ്ടല്ലോ അതെങ്ങനെയാ അവക്കിപ്പോ ജീവനില്ലോ?. ചങ്കുപൊട്ടി അയാൾ പറഞ്ഞു. പിന്നിട് അയാൾ ആ ആശുപത്രി പരിസരം ഒരു നരകതുല്യമായിക്കണ്ടു.ദിവസങ്ങളും,മാസങ്ങളും,വർഷങ്ങളും കടന്നു പോയി. അവൾക്കിപ്പോൾ മൂന്ന് വയ്യസ്. അവൾ തന്റെ അച്ഛന്റെ കൂടെ അവൾ വളർന്നു.ജനാലക്കമ്പികളിൽ കയറുമ്പോൾ അവൾ അതിനുമുകളിൽ നിന്ന് വിണേക്കാം പക്ഷെ അവക്കുറപ്പുണ്ടായിരുന്നു തന്റെ അച്ഛൻ എന്നെ കാത്തോളും എന്ന്.

വർഷങ്ങൾ പിന്നെയും കടന്നു പോയി.ഒരു കർക്കിടകപ്പെയ്ത്ത്. അവൾക്കിപ്പോൾ പതിനൊന്നു വയസ്സ്. അച്ഛന്റെ കൈകൾ പിടിച്ച് അവൾ വിദ്യാലയത്തിന്റെ വാതുക്കൽ എത്തി. അച്ഛൻ അവളുടെ കവിളത്തൊരു ഉമ്മ കൊടുത്ത് തിരികെ മടങ്ങി.അവൾ ക്ലാസ്സിന്റ മുന്നിൽ എത്തി അവൾ വായിക്കാൻ തുടങ്ങി"ആറു ബി ക്ലാസ്സ്".ഇന്ത്യയുടെ ഭാവി നിർണ്ണയിക്കപ്പെടുന്നത്  ഇന്ത്യയുടെ ക്ലാസ്സ് മുറികളിലാണ്.”ഡോ.ഡി .എസ്.കോത്താരിയുടെ വാക്കുകളാണ് ഇവ . അവൾ ചെറിയ ക്ലാസ് മുതലെ പഠനത്തിൽ മികച്ച കഴിവ് തെളിയിച്ചവളാണ്. അവളുടെ ക്ലാസ്സിൽ അവളായിരുന്നു കൂടുതൽ സുന്ദരി. വർഷങ്ങൾ പിന്നെയും പാഞ്ഞുപോയി.അവൾ ഇന്ന് പത്താം തരത്തിൽ ഉന്നത വിജയം നേടിയിരിക്കുന്നു. തന്റെ അച്ഛന് കൊടുത്ത ആദ്യസമ്മാനം! അച്ഛൻ അന്നെ ഒരു കാര്യം മനസ്സിൽ വിചാരിച്ചു  ഇനി എന്റെയും അവളുടെയും ജീവിതം അവളുടെ കൈകളിലാണെന്ന്. കുറച്ചു ദിവസമായി അവൾക്കൊരു അസ്വസ്ഥതപോലെ . അച്ഛൻ അവളോട് ചോദിച്ചു എന്താ മോളെ പറ്റിയത് കുറച്ചു ദിവസമായല്ലോ ഞാൻ ശ്രദ്ധിക്കുന്നു .എന്തുണ്ടെങ്കിലും നീ എന്നോട് പറയണം . നിന്റെ അമ്മയും ഞാനല്ലെ ഒന്നുല്ലച്ഛാ എനിക്ക് ഭയങ്കര തലവേദന ഞാനൊന്ന് കിടക്കട്ടെ.ആ വാക്കുകൾ അച്ഛൻ വിശ്വസിച്ചു.  പിന്നീട് സ്കൂളിലെ ടീച്ചർ അവളെ ശ്രദ്ധിച്ചു പഠിക്കുന്ന കാര്യത്തിൽ നിനക്ക് തീരെ ശ്രദ്ധയില്ല .  പിന്നീട് അവൾ വീട്ടിലും സ്കൂളിലും തനിച്ചിരുന്നു കരയുന്നത് അച്ഛന്റെയും അധ്യാപികയുടേയും ശ്രദ്ധയിൽ പെട്ടു . അത് അവരെ കൂടുതൽ കൂടുതൽ സംശയത്തിന്റെ മുൾ മുനയിൽനിർത്തിച്ചു . ഒരു ദിവസം ടീച്ചറുടെ ഒരു സുഹൃത്തിനെ കണ്ടുമുട്ടാനിടയായി . അവർ സിറ്റി ആശുപത്രിയിൽ ജോലി ചെയ്തു വരികയാണ് . അതിനിടയിൽ അവർ അമ്മുവിനെക്കുറിച്ച് പറയാൻ തുടങ്ങി .

ദീർഘ നേരത്തെ സംഭാഷണത്തിനൊടുവിൽ ടീച്ചർക്ക് കാര്യം പൂർണമായി മനസ്സിലാക്കാൻ കഴിഞ്ഞു .കുറച്ചു നേരം പകച്ചു നിന്നു . പിന്നീട് ഇക്കാര്യമെല്ലാം അവളുടെ അച്ഛനോട് പറഞ്ഞു അതിനിടയിൽ അവൾ ആ കാര്യങ്ങളെല്ലാം കേട്ടു കൊണ്ടിരുന്നു . പിന്നീട് അവൾക്ക് ജീവിതത്തിലെ ഒരു പ്രധാന തീരുമാനം എടുക്കേണ്ടിവന്നു . കുറച്ചു ദിവസങ്ങൾ കഴിഞ്ഞ് അച്ഛൻ ജോലിചെയ്ത് മടങ്ങുംവഴിക്ക് അയാളോട് ഒരു മദ്യവയസ്കൻ പറഞ്ഞു . നീ വീട്ടിലേക്ക് ഒന്ന് വേഗം ചെല്ല് നിന്റെ മകൾ വരുന്നവഴിക്ക് വെച്ച് ഒന്ന് വീണു . അത് കേട്ടയുടനെ അയാൾവേഗം വീട്ടിലേക്കോടി . വീട്ടു പടി കയറുമ്പോൾ തന്നെ ചന്ദനത്തിരിയുടെ  മണം  അയാളുടെ മൂക്കിലേക്ക് അടിച്ചുകയറി .അയാൾ അകത്തു കയറിയില്ല  . നല്ല മഴയും ഉണ്ടായിരുന്നു . അയാൾ തന്റെ വീടിന്റെ ചുറ്റും നടക്കാൻ തുടങ്ങി പണ്ട് മകൾ കയറിയ ജനാലഴികളും മാവിൻമേൽ കെട്ടിയ ഊഞ്ഞാലും നോക്കി കണ്ണീരോഴിച്ചു നിന്നു പെട്ടെന്ന് പുറകിൽ നിന്നൊരാൾ തോളിൽ തട്ടി വിളിച്ചു !

BATTERY LOW !

ചെഹ്ഹ് ...... എന്നും എങ്ങനെയാ  കഥയുടെ അവസാനം എത്തുമ്പോഴായിരുന്നു ഫോണിന്റെ  ചാർജ് തീർന്നത് . അമ്മേ ......... അമ്മേ എന്താ ഈ ഫോൺ ചാർജിന് വെക്കാമായിരുന്നു . മറന്നതാ മോളെ അമ്മ പറഞ്ഞു . തൽക്കാലം നീ പോയി പഠിക്ക് നാളെ നിനക്ക് കലോത്സവത്തിന് പോണ്ടതല്ലേ നാളെ എന്റെ മോൾ ജലചായത്തിന് ഒന്നാം സ്ഥാനം തന്നെ വാങ്ങിക്കണം!

– പ്രത്യുഷ് പ്രസാദ്

# പ്രകൃതിയിലേക്ക്

നമ്മൾ പലപ്പോഴും ചിന്തിച്ചിട്ടുണ്ടാവാം പ്രകൃതി എത്ര
മനോഹരമാണെന്ന് പ്രകൃതിയെ എത്ര സൂക്ഷമമായി നിരീക്ഷിച്ചാലും
പ്രകൃതിയിലെ രഹസ്യങ്ങൾ നമ്മൾക്ക് അറിയുവാൻ സാധിക്കുന്നത്
അതിൻെ പുഞ്ചിരിയിലൂടെ മാത്രമായിരിക്കും. കാരണം പ്രകൃതിയിലെ
രഹസ്യങ്ങൾ മനുഷ്യർക്ക് ചിന്തിക്കുവാൻ പോലും പറ്റാത്തതായിരിക്കും.
പ്രകൃതിയെ കുറിച്ച് അറിയണമെങ്കിൽ പ്രകൃതിയിലേക്ക് അലിഞ്ഞുച്ചേരണം
പ്രകൃതിയെ കുറിച്ചും അതിൻെ സൗന്ദര്യത്തെക്കുറിച്ചും നാം
ഒട്ടേറെ കവികളുടെ കവിതയിൽനിന്നും ലേഖനത്തിൽ നിന്നും വായിച്ചിട്ടുണ്ടാവാം
എന്നാൽ ശരിക്കും
മനുഷ്യരിൽ പ്രകൃതി എന്താണെന്ന തിരിച്ചറിവ് ലഭിച്ചിട്ടുണ്ടോ?പ്രകൃതിയിലെ ഓരോ
അനുഭവങ്ങളും വിചിത്രമായ കാര്യങ്ങളാണ് ചിലപ്പോൾ നമ്മുടെ കണ്ണിനുതന്നെ കുളിർമ നൽകുന്നതും
വിശ്വസിക്കുവാൻ സാധിക്കാത്തതുമാണ്. എന്നാൽ മനുഷ്യർ മാറുകയാണ്. അവരിൽ എന്താണ്
ആസ്വദിക്കേണ്ടതെന്ന് എന്ന ചിന്ത മാറിക്കോണ്ടിരിക്കുന്നു.മനുഷ്യർ പ്രകൃതിയെയല്ല
ആസ്വദിക്കുന്നത് മറിച്ച് പ്രകൃതിയുടെ നാശമാണ് ആസ്വദിക്കുന്നത് എല്ലാ മനുഷ്യരും
അങ്ങനെത്തന്നെയല്ല എന്ന് പറയും പക്ഷേ നമ്മളും അങ്ങനെയല്ലേ?
ശരിക്കും നാം പതുക്കെ കൊല്ലുന്നത് നമ്മളെത്തന്നെയല്ലെ? പ്രകൃതിയിൽ
നിന്ന് എടുക്കുന്നതും വ്യത്യാസസമുള്ള കാര്യമല്ലേ? ഇങ്ങനെയുള്ള കുറേ
ചോദ്യങ്ങൾ നാം മനുഷ്യർ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

ഈ ലോകത്ത് കോടാനുകോടി മനുഷ്യർ ജീവിക്കുന്നുണ്ടെങ്കിലും അവരുടെ ആശ്രയത്തിനു
പ്രകൃതി തന്നെ വേണം ഇന്നാണെങ്കിലും നാളെയാണെങ്കിലും. മനുഷ്യർക്ക് ഈ
കാര്യങ്ങളെല്ലാം അറിഞ്ഞിട്ടും അവർ അവരുടെ സുഖസൗകര്യത്തിനുവേണ്ടി നശിപ്പിക്കുന്നത് താൻ
ജീവിച്ചിരിക്കുന്ന കാര്യത്തെ അല്ലെങ്കിൽ വസ്തുവിനെയാണ് ഇതിനുകാരണം മനുഷ്യരുടെ
അതിബുദ്ധി അല്ലേങ്കിൽ ആർത്തിയാവാം. എല്ലാ മനുഷ്യരും സ്വാർത്ഥരാണ് കാരണം അവർ
നാളെക്കുവേണ്ടിയോ
അടുത്ത തലമുറയ്ക്ക് വേണ്ടിയോ പ്രകൃതിയെയും ഭൂമിയെയും സംരക്ഷിക്കുന്നില്ല.ചെറിയ ക്ലാസ്സുകളിൽ
പോലും പ്രകൃതിയുടെ മഹത്വം പഠിപ്പിച്ചവർ പോലും പ്രകൃതിയെ എങ്ങനെ നശിപ്പിക്കാം എന്ന
ചിന്തിയില്ലുള്ളവർ ഈ കാലഘട്ടത്തുജീവിക്കുന്നു. നാം പഠിച്ചാൽ മാത്രം
പോര അതിനെ നാം മനസ്സിന്റെ ഉള്ളിൽ തട്ടി മനസ്സിലാക്കണം.
പഠിക്കുന്നവരും പഠിപ്പിക്കുന്നവരും പ്രകൃതിയെ അറിയാനും സംരക്ഷിക്കുവാനും പഠിക്കണം.ഇത്
രക്ഷ്ക്കുള്ള മാർഗ്ഗമല്ല മറിച്ച് മനുഷ്യരുടെ കടമയാണ്.
ഈ ബോധ്യം നാം വെറുതെ വിട്ടുകളയരുത് എത്ര വലിയ ബിരുദം
നേടിയാലും ആ തിരിച്ചാറിവ് നാം മറക്കരുത്
നമ്മുടെ ഭരണഘടനയിൽ ഒരുപാട് നിയമങ്ങൾ
ഉണ്ടെങ്കിലും എന്തുകൊണ്ട് പ്രകൃതിയെ നശിപ്പിക്കുന്നവർക്ക് വേണ്ടി
ഒരു നിയമം ഉണ്ടായിക്കൂടാ? ഇനിയുള്ള കാലം എത്ര നാൾ എന്ന് നമ്മുക്ക് അറിയില്ല ആ അവസാന ദിനം
വരെ കാത്തിരുന്നിട്ട് കാര്യമില്ല
ഇന്നുതന്നെ നമ്മുക്ക് തുടങ്ങാം പ്രകൃതിയെ സംരക്ഷിക്കുവാനും ആസ്വദിക്കുവാനും

ആര്യ അജിത്ത്

# എന്ത് ,എന്തിന്,ആർക്ക്, ആർക്കുവേണ്ടി?

ആത്മാർഥമായി പ്രണയിച്ചത് തെറ്റാണോ? ഒരു പെണ്ണായത് തെറ്റാണോ ?



ഈ സമൂഹത്തിൽ ഇത്രയും വില മാത്രമേ ഉള്ളൂ?

എന്റെ കല്യാണത്തിന്റെതിരക്കില്ലായിരുന്നു എന്റെ വീട്ടുക്കാർ .അച്ചനും അമ്മയും ആകെ വേവലാതിയിൽ ആയിരുന്നു സ്ത്രീധനം എത്ര കൊടുക്കും ? സ്ത്രീ തന്നെ ഒരു ധനംമല്ലേ? കല്ല്യാണ ആലോച്ചനയുമായി അമ്മാവൻ വന്നു .ആദ്യം എനിക്ക് കല്ല്യാണത്തോട് ഏതിർപ്പ് ആയിരുന്നു പക്ഷേ അഛനും അമ്മയും നിർബന്ധിച്ചപ്പോൾ ഞാനും വിചാരിച്ചു എപ്പോഴാണെങ്കിലും വേണ്ടതല്ലേ? അഛനും അമ്മയും സംസാരിക്കാൻ വേണ്ടി മുറിയിലേക്ക് പോകാൻ പറഞ്ഞു. അയാൾ എന്നെ അടി മുതൽ മുടി വരെ നോക്കി സംസാരിച്ചു തുടങ്ങിയപ്പോൽ. എനിക്ക് ഇഷ്ടമായി അയാളോട് ഞാൻ എന്റെ മനസ്സു തുറന്നു.ആ കൂട്ടത്തിൽ ഞാൻ ചോദിച്ചു സ്ത്രീധനത്തോട് താല്പര്യം ഉണ്ടോ? സ്ത്രീധനം വാങ്ങാനാണെങ്കിൽ ഈ വിവാഹത്തിന് തയ്യാറല്ല .അയാളുടെ മറുപടി എനിക്ക് നല്ലതായി തോന്നി.അങ്ങനെ കല്ല്യാണത്തിന് തയ്യാറായി. അചഛൻ തന്നാൽ പറ്റുന്ന രീതിയിൽ കുറച്ചു സ്ത്രീധനം കൊടുത്തു . കല്ല്യാണം കഴിഞ്ഞ ആദ്യ നാളുകളിൽ വളരെ സന്തോഷവതിയായിരുന്നു .

വൈകാതെ ഞാൻ അവന്റെ മനസ്സ് ഞാൻ തിരിച്ചരിഞ്ഞു .അവൻ എന്നെയല്ല എന്റെ ശരീരത്തെയായിരുന്നു സ്നേഹിച്ചിരുന്നത്. അവൻ ലഹരിയിൽ അടിമപ്പട്ട ഒരു മനുഷ്യനായിരിന്നു .ജോലിയും കൂലിയും ഇല്ലാതെ അലഞ്ഞു തിരിയുകയായിരുന്നു . ലഹരി വിമുക്ത കേന്ദ്രത്തിൽ കൊണ്ടുപോയി യാതൊരു മാറ്റവും ഇല്ല. അവാസാനം സ്ത്രീധനത്തെ ചൊല്ലി വഴക്കിടാൻ തുടങ്ങി . അവസാനം എന്റെ കൈയിൽ ഉണ്ടായ ഒരു കപ്പ് തലയിൽ ഏറിഞ്ഞു . അയാൾ ബോധമില്ലാത്ത അവസ്ഥയായി . ആ സമയം ഞാൻ എന്റെ പാട്ടും നോക്കി എന്റെ പാതയിലേക്കു നടന്നു.

– വൈഗ ഹരീഷ്

# നന്ദി...